**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3401** **11-03-2025 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 2023-24 ലെ സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വലമ്പൂർ വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസായി മാറ്റുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നതും, എന്നാൽ ഡെപ്പോസിറ്റ് വർക്കായി പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്നതിന് സാമ്പത്തിക നിയന്ത്രണം കാരണം സാധ്യമല്ലാത്തതിനാൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന ടി നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>Special Assistance to States for Capital Investment 2024-25 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം വില്ലേജ് ഓഫീസിന് സ്മാർട്ട് വില്ലേജ് നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (ബി) | മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ളത്; ഓരോ ഓഫീസിനും എന്തെല്ലാം തരത്തിലുള്ള പരിമിതികളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി, മക്കരപ്പറമ്പ്, കുറുവ, പുഴക്കാട്ടിരി എന്നീ വില്ലേജ് ഓഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്ക് വിധേയമായി ശോച്യാവസ്ഥയിലായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജുകൾക്ക് മുൻഗണന നൽകി സ്മാർട്ടാക്കുന്ന നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തുന്നതിന് നിലവിൽ അനുമതി നൽകിയിട്ടില്ലാത്തതും എന്നാൽ സർക്കാർ മാനദണ്ഡപ്രകാരം പരിഗണിക്കാൻ കഴിയുന്നതുമായ | (സി) | 'ബി പിരിവിനുള്ള മറുപടി' |

| | | | |
|---|---|---|---|
| | വില്ലേജ് ഓഫീസുകൾ ഏതെല്ലാമാണ്; അവയെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ